# അനധികൃത മദ്യ വില്പന പ്രതി അറസ്റ്റിൽ



അനധികൃതമായി വീട്ടിൽ മദ്യം സൂക്ഷിച്ച് വില്പന നടത്തിയിരുന്ന പെരുമ്പാവൂർ വില്ലേജ്,ഇരിങ്ങോൾ കരയിൽ,പോസ്റ്റോഫീസിനു കിഴക്ക് ഭാഗത്തുള്ള തിരുവല്ലാക്കാരനായ സന്തോഷ് എന്നയാളുടെ XIV/229 നമ്പർ വീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന രായമംഗലം വില്ലേജ് വായിക്കര ഭാഗത്ത് മാടശ്ശേരിക്കുടി വീട്ടിൽ കേള മകൻ 42 വയസ്സുള്ള ബിജു എന്നയാളെ പെരുമ്പാവൂർ പോലീസ് 30-06-17 തീയതി പുലർച്ചെ 00.35 മണിക്ക് അറസ്റ്റുചെയ്തു. വീട്ടിൽ അനധികൃതമായി വിൽപനക്കായി സൂക്ഷിച്ചിരുന്ന വിവിധ ബ്രാൻഡുകളിലുള്ള 63 കുപ്പി ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും പോലീസ് ബന്തവസ്സിലെടുത്തു.

അറസ്റ്റിലായ പ്രതി 2 വർഷമായി ടി വീട്ടിൽ വാടകയ്ക്ക് താമസിക്കുകയാണ്.ടൂറിസ്റ്റ് ബസ് ഡ്രൈവറായ പ്രതി പലപ്പോഴായി എറണാകുളം കടവന്ത്രയിലുള്ള സൂപ്പർമാർക്കറ്റിൽ നിന്നാണ് മദ്യം വാങ്ങി വില്പന നടത്തിയിരുന്നത് എന്ന് പോലീസിനോട് സമ്മതിച്ചു.750 ml വീതമുള്ള Manson House 8 കുപ്പിയും, 750 ml വീതമുള്ള Legend 3 കുപ്പിയും, 750 ml വീതമുള്ള Vasco 6 കുപ്പിയും, 750 ml വീതമുള്ള Officers Choice 11 കുപ്പിയും, 750 ml വീതമുള്ള Malabar House 6 കുപ്പിയും, 750 ml വീതമുള്ള Black & Gold 9 കുപ്പിയും, 750 ml വീതമുള്ള Loard Master 7 കുപ്പിയും, 750 ml വീതമുള്ള Berhans XO 4 കുപ്പിയും, 1000 ml

വീതമുള്ള Berhans XO 9 കുപ്പി വിദേശ മദ്യവും ഉൾപ്പെടെ 63 കുപ്പി മദ്യമാണ് പോലീസ് പ്രതി കുടുംബമായി താമസ്സിക്കുന്ന വാടക വീട്ടിൽ നിന്നും പിടിച്ചെടുത്തത്.

എറണാകുളം റൂറൽ ജില്ലാ പോലിസ് മേധാവിയുടെ റൂറൽ ടൈഗർ ഫോഴ്സിനു കിട്ടിയ രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ പെരുമ്പാവൂർ DYSP G.വേണുവിൻെറ നിർദ്ദേശപ്രകാരം, സർക്കിൾ ഇൻസ്പെക്ടർ ബൈജു പൗലോസിൻെറ നേതൃത്വത്തിൽ 30.06.2017 തീയതി പുലർച്ചെ പെരുമ്പാവൂർ സബ്ബ് ഇൻസ്പെക്ടർ P.A.ഫൈസൽ , അഡീ.സബ് ഇൻസ്പെക്ടർ K.G.Jayakumaran Nair,ASI ജെയിംസ്,CPO റെന്നി,CPO 10896 ഷിബു, CPO 10528 ഷിബു എന്നിവരുൾപ്പെട്ട സംഘമാണ് അയൽവാസികളുടെ സാന്നിധ്യത്തിൽ വീട് പരിശോധിച്ച് പ്രതിയെ അറസ്റ്റു ചെയ്ത് മുതലുകൾ ബന്തവസ്സിലെടുത്തത്.ഈ കാര്യത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണമാരംഭിച്ചു. അറസ്റ്റു ചെയ്ത പ്രതിയെ ഇന്നു പെരുമ്പാവൂർ JFCM കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.